(ഡി) 'സാറ്റലൈറ്റി' ന്റെ സഹായത്തോടെയുള്ള ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തു തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ & ബി) ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ റോഡുകളുടെ ഡിജിറ്റൽ ഡാറ്റയും മാപ്പും തയ്യാറാക്കുന്നതിനുള്ള ഒരു പരിപാടിക്ക് രൂപം കൊടുത്തുവരികയാണ്. റോഡുകളുടെ ഏറ്റവും ഒടുവിലത്തെ സ്ഥിതി മനസ്സിലാക്കുന്നതിനും അതുവഴി മെയിന്റനൻസ് പണികൾ ഏറ്റവും ആവശ്യമായിടത്ത് മുൻഗണനാക്രമത്തിൽ ചെയ്യുന്നതിനും അങ്ങനെ റോഡുകളുടെ പരിപാലനം മികവുറ്റതാകുന്നതിനും കഴിയുമെന്നുള്ളതാണ് നിർദ്ദിഷ്ട ക്രമീകരണം കൊണ്ടുണ്ടാവുന്ന പ്രയോജനം.

(സി) മഹാരാഷ്ട്ര, ആന്ധ്ര, ആസാം, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി & ഇ) ഏകദേശം നാലു കോടി രൂപ ചെലവാകും.

വിദേശരാജ്യങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അടിയന്തിരമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് നടപടി

6 (*386) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശരാജ്യങ്ങളിൽ ജോലിക്കിടയിലും മറ്റുമായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച പണം സർക്കാരിന്റെ അധീനതയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഈ ഇനത്തിൽ ആശ്രിതർക്ക് വിതരണം ചെയ്യാതെ കൈവശം വച്ചിട്ടുള്ള തുകയെത്രയെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത പണം ആശ്രിതർക്ക് വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ ;

(ഡി) കടബാദ്ധ്യതകൾമൂലം കഷ്ടതയനുഭവിക്കുന്നവരുടെ ആശ്രിതർക്ക് അടിയന്തിരമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ) വിദേശരാജ്യങ്ങളിൽ ജോലിക്കിടയിലും മറ്റുമായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനായി ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിൽ നിന്നും പണം ജില്ലാ കളക്ടറുടെ പേരിൽ അയച്ചുകൊടുക്കാറുണ്ട്. പ്രസ്തുത തുക

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കളക്ടർമാർ ട്രഷറി സേവിംഗ്സ് ബാങ്കുകളിൽ നിക്ഷേപിക്കുകയും ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് അവകാശികൾക്ക് വിതരണം ചെയ്യുകയും ചെയ്യാറുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 2,40,12,010 രൂപ വിതരണം ചെയ്യുന്നതിനായി ടി.എസ്.ബി. യിൽ നിക്ഷേപിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ കണക്ക് ലഭ്യമായിട്ടില്ല.

(സി) 5-4-1986-ലെ G.O. (M.s.) 68/86/Home ഉത്തരവ് പ്രകാരം അവകാശ സർട്ടിഫിക്കറ്റ്, 12 വർഷം സർവ്വീസ് ബാക്കിയുള്ള ഒരു സംസ്ഥാന സർക്കാർ ജീവനക്കാരന്റെ ശമ്പള സർട്ടിഫിക്കറ്റ്, ഇൻഡെംനിറ്റി ബോണ്ട്, പണം കൈപ്പറ്റുന്ന അവകാശിയെ തിരിച്ചറിയുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന തിരിച്ചറിയിൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഹാജരാക്കേണ്ടതുണ്ട്. അവകാശികൾ മേൽപ്പടി രേഖകൾ ഹാജരാക്കാൻ ഉണ്ടാകുന്ന കാലതാമസംകൊണ്ടാണ് തുക വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നത്.

(ഡി) അവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്.

ഭൂനികുതി പരിഷ്ക്കരണം

7 (*387) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പുവർഷം ഭൂനികുതി പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഭൂനികുതി പരിഷ്ക്കരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഭൂനികുതി പരിഷ്കരിക്കുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായം ആരായുന്നുണ്ടോ ;

(ഡി) പ്രസ്തുത നികുതി നിർണ്ണയത്തിന് ഭൂമിയുടെ പരിധി വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഇല്ല.

(ബി-ഡി) (എ) വിഭാഗം ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly